പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4037

24.08.2017 -ലെ മറുപടിയ്ക്ക്

## ഐ.ടി. മേഖലയിലെ ജോലി ഭാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ.മുരളി: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി. മേഖലയിലുള്ളവർക്ക് ജോലി ഭാരം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഐ.ടി മേഖലയിൽ ജോലിചെയ്യുന്നവർക്ക് ജോലി ഭാരം ഉള്ളതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. സ്ഥാപന പരിശോധനാ വേളയിലും ടി പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഐ.ടി. മേഖലയിൽ തൊഴിൽ നിയമങ്ങൾ യഥാവിധി നടപ്പിലാക്കാനും ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) ഐ.ടി മേഖലയിൽ തൊഴിൽ നിയമങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. ഐ.ടി മേഖലയിൽ നാളിതുവരെ 64 പരിശോധനകൾ നടത്തിയിട്ടുണ്ട്. സെൽഫ് സർട്ടിഫിക്കേഷൻ, WPS എന്നിവയുടെ നടപ്പാക്കൽ, സ്ത്രീ തൊഴിലാളികൾക്ക് ശമ്പളത്തോടുകൂടി പ്രസവാനുകൂല്യം ഉറപ്പു വരുത്തുക, ശിശു പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കുക, മിനിമം കൂലി ഉറപ്പു വരുത്തൽ തുടങ്ങി ഐ.ടി മേഖലയിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട പരാതികളിൽ സുതാര്യമായ രീതിയിൽ അടിയന്തിര പരിഹാരത്തിനായി ടെക്നോ പാർക്കിൽ തൊഴിൽ വകുപ്പിന്റെ ഒരു Grievence Redressal Cell /Consultative Committee രൂപീകരിച്ചിട്ടുണ്ട്. G-Tech സെക്രട്ടറി, ടെക്നോ പാർക്ക് എക്സിക്യൂട്ടീവ് ആഫീസർ, അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നിവർ ടി കമ്മിറ്റിയിൽ അംഗങ്ങളാണ്. ടി കമ്മിറ്റി ഐ.ടി മേഖലയിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുകയും എല്ലാ മാസവും അവസാന ആഴ്ചയിൽ അവലോകന യോഗം കൂടി തീരുമാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

Sreekala

**സെക്ഷൻ ഓഫീസർ**